# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 19-11-2025** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1. പ്രധാനമന്ത്രി നരേന്ദ്ര മോദി ആന്ധ്രാപ്രദേശിലെ പുട്ടപർത്തിയിൽ സത്യസായി ബാബ ശതാബ്ദി ആഘോഷങ്ങളിൽ പങ്കെടുത്തു. ദക്ഷിണേന്ത്യൻ ജൈവകൃഷി ഉച്ചകോടിയുടെ ഉദ്ഘാടനം പ്രധാനമന്ത്രി ഇന്ന് കോയമ്പത്തൂരിൽ നിർവഹിക്കും.

**Prime Minister Narendra Modi participated in the centenary celebrations of Bhagwan Sri Sathya Sai Baba in Puttaparthi, Andhra Pradesh. He will inaugurate the South India Natural Farming Summit today in Coimbatore, Tamil Nadu.**

2. കേരളത്തിൽ SIR നടപടികൾ വേഗത്തിലാക്കുന്നതിൽ ബൂത്ത് ലവൽ ഓഫീസർമാർ സുപ്രധാന പങ്കാണ് വഹിക്കുന്നതെന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു കേൽക്കർ.

**Booth Level Officers play a vital role in expediting SIR procedures in Kerala, says Chief Electoral Officer Rathan U Kelkar.**

3. തദ്ദേശ തിരഞ്ഞെടുപ്പിനുള്ള പ്രചാരണം സംസ്ഥാനത്ത് ഊർജ്ജിതമായി പുരോഗമിക്കുന്നു. നാമനിർദ്ദേശ പത്രികകൾ മറ്റന്നാൾ വരെ സമർപ്പിക്കാം.

**Campaigning for the local body elections is intensely progressing across Kerala Nomination papers can be submitted until Friday.**

4. ബിഹാറിൽ സർക്കാർ രൂപീകരണം സംബന്ധിച്ച ചർച്ചകൾ അവസാനഘട്ടത്തിൽ. എൻഡിഎ നിയമസഭാ കക്ഷി യോഗം ഇന്ന് ഉച്ച തിരിഞ്ഞ്.

**Discussions on government formation are in the final stage in Bihar . The NDA legislative party meeting will be held this afternoon.**

5. 56-ാമത് ഇന്ത്യ രാജ്യാന്തര ചലച്ചിത്രമേളയ്ക്ക് നാളെ ഗോവയിൽ തിരിതെളിയും

**The 56th International Film Festival of India will begin tomorrow in Goa.**

6. ക്ഷയരോഗത്തിനെതിരായ പോരാട്ടത്തിൽ ഗണ്യമായ പുരോഗതി കൈവരിച്ചതിന് ഇന്ത്യക്ക് ലോകാരോഗ്യ സംഘടനയുടെ പ്രശംസ.

**The World Health Organization (WHO) has praised India for making significant progress in the fight against tuberculosis (TB)**

&&&&&&&&&&&&&&&&&

**HEADLINE-1**

**PM–TEMPLE VISIT(INTRO**

***പ്രധാനമന്ത്രി നരേന്ദ്ര മോദി ആന്ധ്രാപ്രദേശിലെ പുട്ടപർത്തിയിൽ സത്യസായി ബാബ ശതാബ്ദി ആഘോഷങ്ങളിൽ പങ്കെടുത്തു. ഭഗവാൻ ശ്രീ സത്യസായി ബാബയുടെ ആശയങ്ങൾ കോടിക്കണക്കിന് ജനങ്ങൾക്ക് മാർഗ്ഗദർശനമാകുന്നുവെന്ന് പ്രധാനമന്ത്രി ചടങ്ങിൽ പറഞ്ഞു. വസുധൈവ കുടുംബകം എന്ന ദർശനത്തിന്റെ ഉത്തമ മാതൃകയായിരുന്നു അദ്ദേഹത്തിന്റെ ജീവിതമെന്നും ശ്രീ മോദി അഭിപ്രായപ്പെട്ടു. (വോയ്സ് - പ്രധാനമന്ത്രി)***

***സത്യസായി ബാബയുടെ അനുസ്മരണാർത്ഥമുള്ള പ്രത്യേക തപാൽ സ്റ്റാമ്പും നാണയവും അദ്ദേഹം പുറത്തിറക്കി. പ്രശാന്തി നിലയത്തിലെ സത്യസായി ബാബ മഹാസമാധിയിൽ പ്രധാനമന്ത്രി പ്രണാമം അർപ്പിച്ചു. ആന്ധ്രാപ്രദേശ് മുഖ്യമന്ത്രി എൻ. ചന്ദ്രബാബു നായിഡു ഉൾപ്പെടെയുള്ള പ്രമുഖർ ചടങ്ങിൽ പങ്കെടുത്തു.***

&&&&&&&&&&&&&&&&&

**PM Tamilnadu**

ദക്ഷിണേന്ത്യൻ ജൈവകൃഷി ഉച്ചകോടിയുടെ ഉദ്ഘാടനം പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് കോയമ്പത്തൂരിൽ നിർവഹിക്കും. സുസ്ഥിരവും, പരിസ്ഥിതിക്ക് ഇണങ്ങിയതും, രാസവിമുക്തവുമായ കാർഷിക രീതികൾ പ്രോത്സാഹിപ്പിക്കുകയാണ് ഉച്ചകോടിയുടെ ലക്ഷ്യം. ആന്ധ്രാ സന്ദർശനം പൂർത്തിയാക്കി തമിഴ്നാട്ടിലെത്തുന്ന പ്രധാനമന്ത്രി പിഎം കിസാൻ പദ്ധതിയുടെ 21- ാംം ഗഡു കർഷകർക്ക് ചടങ്ങിൽ കൈമാറും.

&&&&&&&&&&&&&&&&&&

## HEADLINE-2

**RATHAN U KELKAR (INTRo)**

*കേരളത്തിൽ SIR നടപടികൾ വേഗത്തിലാക്കാൻ ബൂത്ത് ലവൽ ഓഫീസർമാർ പ്രധാന പങ്കാണ് വഹിക്കുന്നതെന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു കേൽക്കർ. BLO മാർ തിരഞ്ഞെടുപ്പ് കമ്മീഷൻറെ പ്രധാന ഘടകമാണെന്നും ഇവരുടെ കൃത്യമായ പ്രവർത്തനത്തിലൂടെ ഇതുവരെ 5 ലക്ഷത്തോളം പൂരിപ്പിച്ച എന്യൂമറേഷൻ ഫോമുകൾ അപ്ലോഡ് ചെയ്യാൻ സാധിച്ചതായും അദ്ദേഹം പറഞ്ഞു. ബി.എൽ.ഒ മാർക്ക് ബുദ്ധിമുട്ടില്ലാതെ ജോലി ചെയ്യാൻ എല്ലാ സൗകര്യവും ഉണ്ടെന്നും മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ വ്യക്തമാക്കി. (വോയ്സ്)*

*ബിഎൽഒ മാരുടെ ജോലി തടസ്സപ്പെടുത്താൻ ആർക്കും അവകാശമില്ലെന്നും അദ്ദേഹം പറഞ്ഞു. ഇത്തരത്തിൽ ജോലി തടസ്സപ്പെടുത്തുന്നത് 10 വർഷം വരെ തടവ് ശിക്ഷ കിട്ടുന്ന കുറ്റമാണ്. BLO അനീഷ് ജോർജിന്റെ മരണത്തിൽ ദുഖം രേഖപ്പെടുത്തിയ മുഖ്യതിരഞ്ഞെടുപ്പ് ഓഫീസർ അദ്ദേഹത്തിന്റെ കുടുംബത്തിന് എല്ലാ പിന്തുണയും നൽകുമെന്നും അറിയിച്ചു. എസ്.ഐ.ആറിന്റെ ഭാഗമായി കേരളത്തിൽ ഇതുവരെ 97 ശതമാനത്തിലധികം എന്യൂമറേഷൻ ഫോമുകളാണ് വിതരണം ചെയ്തത്.*

&&&&&&&&&&&&&&&&&&

## HEADLINE-3

**NOMINATION**

സംസ്ഥാനത്ത് തദ്ദേശ തിരഞ്ഞെടുപ്പിനുള്ള നാമനിർദേശ പത്രികാ സമർപ്പണം പുരോഗമിക്കുന്നു. ഇന്നലെ വരെ ഏഴായിരത്തോളം പേർ പത്രിക സമർപ്പിച്ചതായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മിഷൻ അറിയിച്ചു. പത്രിക സമർപ്പിക്കാനുള്ള സമയ പരിധി മറ്റന്നാൾ അവസാനിക്കും. സൂക്ഷ്മ പരിശോധന 22-ന് നടക്കും. അടുത്ത മാസം ഒമ്പതിനും പതിനൊന്നിനും രണ്ട് ഘട്ടങ്ങളായാണ് വോട്ടെടുപ്പ്. 13 നാണ് വോട്ടെണ്ണൽ. തദ്ദേശ

തിരഞ്ഞെടുപ്പിനുള്ള പ്രചാരണവും വാർഡുകളിൽ ഊർജ്ജിതമായി പുരോഗമിക്കുകയാണ്.

&&&&&&&&&&&&&&&&&

## HEADLINE-4

## BIHAR – GOVERNMENT FORMATION

ബിഹാറിൽ സർക്കാർ രൂപീകരണം സംബന്ധിച്ച ചർച്ചകൾ അവസാനഘട്ടത്തിൽ. നിയമസഭാ കക്ഷി നേതാവിനെ തിരഞ്ഞെടുക്കുന്നതിനായി എൻ.ഡി.എ എം.എൽ.എമാർ ഇന്ന് ഉച്ചതിരിഞ്ഞ് പട്നയിൽ യോഗം ചേരും. നിതീഷ് കുമാറിനെ കക്ഷി നേതാവായി തിരഞ്ഞെടുക്കുമെന്നാണ് സൂചനകൾ. തുടർന്ന് സർക്കാർ രൂപീകരണത്തിന് അവകാശവാദമുന്നയിച്ച് എൻഡിഎ നേതാക്കൾ ഗവർണറെ കാണും. ഇന്ന് ചേർന്ന ജെ.ഡി.യു നിയമസഭാ കക്ഷി യോഗം നിതീഷ് കുമാറിനെ കക്ഷി നേതാവായി തിരഞ്ഞെടുത്തിരുന്നു. ബിജെപി നിയമസഭാ കക്ഷി യോഗവും ഉടൻ ചേരും. പട്നയിലെ ഗാന്ധി മൈതാനിൽ നാളെയാണ് സത്യപ്രതിജ്ഞാ ചടങ്ങ്. പ്രധാനമന്ത്രി നരേന്ദ്രമോദി ഉൾപ്പെടെയുള്ള മുതിർന്ന നേതാക്കൾ ചടങ്ങിൽ പങ്കെടുക്കും.

&&&&&&&&&&&&&&&&&

## SITHARAMAN – PRE BUDGET

2026-27 ലെ കേന്ദ്ര ബജറ്റിനുമുന്നോടിയായി ന്യൂഡൽഹിയിൽ നടക്കുന്ന ഏഴാമത് യോഗത്തിന് കേന്ദ്ര ധനമന്ത്രി നിർമലാ സീതാരാമൻ അധ്യക്ഷത വഹിച്ചു. ബാങ്കിംഗ്, ധനകാര്യ , ഇൻഷുറൻസ് മേഖലകളിലെ വിദഗ്ധരാണ് യോഗത്തിൽ പങ്കെടുക്കുന്നത്. ധനകാര്യ സഹമന്ത്രി പങ്കജ് ചൗധരി, സാമ്പത്തിക കാര്യ വകുപ്പ് സെക്രട്ടറിമാർ, കേന്ദ്ര സർക്കാരിന്റെ മുഖ്യ സാമ്പത്തിക ഉപദേഷ്ടാവ്, മന്ത്രാലയത്തിലെ മുതിർന്ന ഉദ്യോഗസ്ഥർ തുടങ്ങിയവരും യോഗത്തിൽ പങ്കെടുത്തു.

&&&&&&&&&&&&&&&&&

## MODI-PUTIN

റഷ്യൻ പ്രസിഡന്റ് വ്ളാഡിമിർ പുടിന്റെ ഇന്ത്യ സന്ദർശനത്തെ താത്പര്യപൂർവ്വം നോക്കിക്കാണുന്നതായി പ്രധാനമന്ത്രി നരേന്ദ്രമോദി. ഇന്ത്യ-റഷ്യ വാർഷിക ഉച്ചകോടിയ്ക്കായി, അടുത്ത മാസമാണ് പുടിൻ ഇന്ത്യയിലെത്തുന്നത്. റഷ്യൻ പ്രസിഡന്റിന്റെ സഹായി നിക്കോളായ് പത്രുഷേവുമായി ന്യൂഡൽഹിയിൽ നടത്തിയ കൂടിക്കാഴ്ചയ്ക്ക് ശേഷമാണ് പ്രധാനമന്ത്രി ഇക്കാര്യം അറിയിച്ചത്. സമുദ്ര മേഖല, കപ്പൽ നിർമാണം, നൈപുണ്യ വികസനം, കണക്ടിവിറ്റി തുടങ്ങിയ രംഗങ്ങളിൽ ഇന്ത്യ-റഷ്യ ബന്ധം വിപുലീകരിക്കുന്നത് സംബന്ധിച്ച ഫലപ്രദമായ ചർച്ചകൾ പത്രുഷേവുമായി നടന്നതായും ശ്രീ മോദി പറഞ്ഞു.

&&&&&&&&&&&&&&&&&&

**ബ്രേക്ക്**

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്....

(ബ്രേക്ക്)

&&&&&&&&&&&&&&&&&&

**SABARIMALA**

ശബരിമലയിൽ മണ്ഡല – മകരവിളക്ക് തീർത്ഥാടനത്തിന്റെ ഭാഗമായുള്ള ഭക്തജന തിരക്ക് നിയന്ത്രണവിധേയം. നിലയ്ക്കൽ, പമ്പ എന്നിവിടങ്ങളിൽ തിരക്ക് കുറയ്ക്കാൻ നിയന്ത്രണങ്ങൾ ഏർപ്പെടുത്തി. എൻ.ഡി.ആർ.എഫ് സംഘവും സന്നിധാനത്തെത്തിയിട്ടുണ്ട്. സ്പോട്ട് ബുക്കിംഗ് ഇന്നലെ മുതൽ 20,000 ആയി നിജപ്പെടുത്തി. ക്യൂവിലുള്ള തീർഥാടകർക്ക് കുടിവെള്ളവും ഉറപ്പുവരുത്തുന്നുണ്ട്.

&&&&&&&&&&&&&&&&&&

**SREEPADMANABHA TEMPLE - MURAJAPAM**

തിരുവനന്തപുരം ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിലെ മുറജപ - ലക്ഷദീപ മഹോത്സവത്തിന് നാളെ തുടക്കമാകും. ആറു വർഷത്തിലൊരിക്കൽ നടക്കുന്ന മുറജപ മഹോത്സവം ജനുവരി 14-ന് ലക്ഷദീപത്തോടെയാണ് സമാപിക്കുക. മുറജപത്തിന്റെ ആദ്യ ദിവസത്തെ ചടങ്ങിൽ തെലുങ്ക് ചലച്ചിത്ര താരം റാണാ ദഗുബതി പങ്കെടുക്കും.

&&&&&&&&&&&&&&&&&&

## HEADLINE-5

## IFFI

56-ാമത് ഇന്ത്യ രാജ്യാന്തര ചലച്ചിത്രമേളയ്ക്ക് നാളെ ഗോവയിൽ തിരിതെളിയും . ബ്രസീലിയൻ ചിത്രം ദി ബ്ലൂ ട്രെയിൽ ആണ് ഉദ്ഘാടന ചിത്രം. ഈ മാസം 28 വരെ നീളുന്ന മേളയിൽ 80-ലധികം രാജ്യങ്ങളിൽ നിന്നുള്ള 270-ലധികം ചിത്രങ്ങൾ പ്രദർശിപ്പിക്കും. ജപ്പാനാണ് ഈ വർഷത്തെ കൺട്രി ഫോക്കസ്.വേവ്സ് ഫിലിം ബസാർ, ഇഫിയെസ്റ്റ, സിനിം എഐ ഹാക്കത്തോൺ എന്നിവയും മേളയുടെ ഭാഗമായി സംഘടിപ്പിക്കുന്നുണ്ട്

&&&&&&&&&&&&&&&&&&

## JAISANKAR SCO (intro)

***ഭീകരതയിൽ നിന്ന് സ്വന്തം പൗരന്മാരെ സംരക്ഷിക്കാൻ ഇന്ത്യക്ക് അവകാശമുണ്ടെന്ന് വിദേശകാര്യ മന്ത്രി എസ്. ജയ്ശങ്കർ. റഷ്യയിലെ മോസ്കോയിൽ നടന്ന ഷാങ്ഹായ് സഹകരണ സംഘടന യോഗത്തെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. എല്ലാ തരം ഭീകരവാദത്തെയും ലോകരാജ്യങ്ങൾ പൂർണ്ണമായും തള്ളിക്കളയണമെന്നും ശ്രീ എസ്.ജയശങ്കർ വ്യക്തമാക്കി.***

***(ഹോൾഡ് -എസ്. ജയ്ശങ്കർ)***

&&&&&&&&&&&&&&&&&&

## INDIRA GANDHI BIRTHDAY

ഇന്ന്, മുൻ പ്രധാനമന്ത്രി ഇന്ദിരാഗാന്ധിയുടെ 108 -ാം ജന്മ വാർഷിക ദിനം. 1917 നവംബർ 19 ൽ അലഹബാദിലാണ് ഇന്ദിരാഗാന്ധി ജനിച്ചത്. ദേശീയോദ്ഗ്രഥന ദിനമായാണ് രാജ്യം ഈ ദിനം ആചരിക്കുന്നത്. പ്രധാനമന്ത്രി നരേന്ദ്ര മോദി ഉൾപ്പെടെയുള്ള നേതാക്കൾ ഇന്ദിരാഗാന്ധിക്ക് പ്രണാമമർപ്പിച്ചു. ഇന്ദിരാഗാന്ധിയുടെ സമാധി സ്ഥലമായ ശക്തിസ്ഥലിൽ കോൺഗ്രസ് ദേശീയ അധ്യക്ഷൻ മല്ലികാർജുൻ ഖർഗെ, മുതിർന്ന നേതാക്കളായ സോണിയ ഗാന്ധി, രാഹുൽ ഗാന്ധി എന്നിവർ പുഷ്പാർച്ചന നടത്തി.

&&&&&&&&&&&&&&&&&

## HEADLINE-6

## WHO-TB INDIA

ക്ഷയരോഗത്തിനെതിരായ പോരാട്ടത്തിൽ ഗണ്യമായ പുരോഗതി കൈവരിച്ചതിന് ഇന്ത്യക്ക് ലോകാരോഗ്യ സംഘടനയുടെ പ്രശംസ. മുൻ വർഷങ്ങളെ അപേക്ഷിച്ച് രാജ്യത്ത് പുതിയ ടിബി കേസുകളുടെ എണ്ണത്തിലും, ടിബി മരണങ്ങളിലും വലിയ കുറവുണ്ടായതായി ലോകാരോഗ്യ സംഘടനയുടെ റിപ്പോർട്ടിൽ പറയുന്നു. ബംഗ്ലാദേശ്, ഭൂട്ടാൻ, നേപ്പാൾ, തായ്ലൻഡ് എന്നീ രാജ്യങ്ങളും ടിബിക്കെതിരായ പോരാട്ടത്തിൽ ഇന്ത്യക്കൊപ്പം പുരോഗതി നേടിയതായി റിപ്പോർട്ടിലുണ്ട്.

&&&&&&&&&&&&&&&&&

## TRUMP -SAUDI ARABIA

സൗദി അറേബ്യയെ നാറ്റോയ്ക്ക് പുറത്തുള്ള പ്രധാന പ്രതിരോധ പങ്കാളിയായി പ്രഖ്യാപിച്ച് യുഎസ് പ്രസിഡന്റ് ഡോണൾഡ് ട്രംപ്. ഇരു രാജ്യങ്ങൾക്കുമിടയിലെ സുരക്ഷാ സഹകരണം വർദ്ധിപ്പിക്കാൻ ഉദ്ദേശിച്ചാണ് ഈ തീരുമാനം. സൗദി കിരീടവകാശി മുഹമ്മദ് ബിൻ സൽമാനുമായി വൈറ്റ് ഹൗസിൽ നടത്തിയ കൂടിക്കാഴ്ചയ്ക്ക് ശേഷമാണ് പ്രഖ്യാപനം. സൗദി അറേബ്യയ്ക്ക് എഫ്-35 യുദ്ധ വിമാനം ലഭ്യമാക്കുന്നതിനുള്ള സന്നദ്ധതയും ട്രംപ് അറിയിച്ചു. അമേരിക്കയിലെ സൗദി അറേബ്യയുടെ നിക്ഷേപം 600 ബില്യൺ ഡോളറിൽ നിന്നും ഒരു ട്രില്യൻ ഡോളറാക്കി ഉയർത്തുമെന്ന് മുഹമ്മദ് ബിൻ സൽമാൻ കൂടിക്കാഴ്ചയിൽ വ്യക്തമാക്കിയിരുന്നു.

&&&&&&&&&&&&&&&

&&&&&&&&&&&&

&&&&&&&&

&&&&&&&

&&&&&&